# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1695 — 01/11/2019-ൽ മറുപടിയ്ക്ക്

## എളവള്ളി ഗവ. ഹയർസെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | മണലൂർ എം.എൽ.എ യുടെ 2016-2017 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന എളവള്ളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം പാർട്ട് പെയ്മെന്റ് അനുവദിക്കാത്തതിനാൽ നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | നിർമ്മാണപ്രവർത്തനം പുനരാരംഭിക്കുന്നതിനും പാർട്ട് പെയ്മെന്റ് അനുവദിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | ബി) | നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് കരാറുകാരന് 30.09.2019 ൽ മുല്ലശ്ശേരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തരം കത്ത് നൽകിയിട്ടുണ്ട്. 23.07.2018 ൽ സൈറ്റ് കൈമാറിയിട്ടുള്ള പ്രവൃത്തി, കരാർ പ്രകാരം 20.01.2020 ൽ അവസാനിപ്പിക്കേണ്ട താണ്. ലിന്റൽ, സൺഷെയ്ഡ് എന്നിവയുടെ കോൺക്രീറ്റിംഗ് പൂർത്തീകരിച്ച് മൂന്ന് മാസമായിട്ടും തുടർന്നുള്ള പ്രവൃത്തികൾ കരാറുകാരൻ ചെയ്യാത്തതിനാൽ, സൺഷെയ്ഡിന് വിള്ളൽ സംഭവിക്കാൻ സാധ്യതയുണ്ടെന്ന്, ടിയാന് മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായി ഏർപ്പെട്ട കരാർ ഉടമ്പടി പ്രകാരം പാർട്ട് ബിൽ തുക ലഭിക്കാത്തതിനാൽ, പ്രവൃത്തി തുടർന്ന് നടത്താതിരിക്കുന്നത് കരാർ ലംഘനമാണ്.<br>തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായ പ്രസ്തുത പ്രവൃത്തിയുടെ പാർട്ട് ബില്ലിന്റെ ന്യൂനത |

| | | | |
|---|---|---|---|
| | | | കൾ പരിഹരിച്ചിട്ടുണ്ട്. ടി ബിൽ പ്രസ്തുത ഓഫീസിൽ ഓഡിറ്റ് ചെയ്ത ശേഷം നവംബർ ആദ്യവാരം തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് പാർട്ട് പേയ്മെന്റ് അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ